(ബി) കേരള വാട്ടർ അതോറിറ്റിയും ആസൂത്രണ ബോർഡും വെള്ളത്തിന്റെ നിരക്ക് സംബന്ധിച്ച് സർക്കാരിന് ഏതെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ നിർദ്ദേശങ്ങൾ എന്താണെന്ന് വിശദമാക്കാമോ ;

(ഡി) നിരക്കുകൾ വർദ്ധിപ്പിച്ച് വാട്ടർ അതോറിറ്റിയെ എത്രശതമാനം ലാഭത്തിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(ഇ) വാട്ടർ അതോറിറ്റിയേയും ജലനിരക്ക് വർദ്ധനയേയും സംബന്ധിച്ച് ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന്റെ നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) 1-4-2000 മുതൽ എല്ലാ വിഭാഗം ഉപഭോക്താക്കളുടെയും കുടിവെള്ള നിരക്കുകളിൽ 30% വർദ്ധനവ് വരുത്തുവാൻ കേരള വാട്ടർ അതോറിറ്റി ഒരു നിർദ്ദേശം സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

ആസൂത്രണബോർഡിൽ നിന്നും ഇക്കാര്യത്തിൽ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

(ഡി) വാട്ടർ അതോറിട്ടി നിർദ്ദേശിച്ചിരിക്കുന്ന 30% വർദ്ധനവുപോലും അതിനെ ലാഭത്തിലാക്കാൻ സാധിക്കുന്നതല്ല.

(ഇ) ഇതുസംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ജലവിഭവ വകുപ്പിന് ലഭിച്ചിട്ടില്ല.

ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്ന ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ നടത്തിപ്പ്

20 (1695) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എൻ. രാജൻ :
ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ നടത്തിപ്പിനായി രൂപീകരിച്ച കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയുടെ പ്രവർത്തനങ്ങളെ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഏജൻസിയുടെ നേതൃത്വത്തിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുടെ മൊത്തം ചെലവ് എത്രയാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) ഇതിൽ വേൾഡ് ബാങ്കിന്റെ വായ്പാ സഹായം എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വേൾഡ് ബാങ്കിൽ നിന്ന് ഇതിനകം ലഭിച്ച സംഖ്യ എത്ര ; ഇതിൽ ഗ്രാന്റ് എത്രയാണ് ;

(എഫ്) വേൾഡ് ബാങ്ക് വായ്പയ്ക്ക് എത്ര ശതമാനമാണ് പലിശ നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ജി) ബാങ്ക് വായ്പയ്ക്കു പുറമേ സംസ്ഥാന സർക്കാർ നൽകിയ സഹായം എത്ര ;

(എച്ച്) ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ പദ്ധതി, ഡച്ച് സർക്കാരിന്റെ ധനസഹായവും പങ്കാളിത്തവുമുള്ള ഗ്രാമീണ ശുദ്ധജലവിതരണ ശുചീകരണപദ്ധതി, ശുചിത്വ പ്രോൽസാഹനത്തിനുള്ള കൈകഴുകൽ പദ്ധതി എന്നിവയെക്കുറിച്ച് വിശദീകരിക്കാമോ ;

(ഐ) ശുചിത്വ പദ്ധതികൾ എന്നപേരിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഈ പദ്ധതികൾ സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണോ പ്രസ്തുത ഏജൻസി (കെ.ആർ.ഡബ്ലിയു.എസ്.എ.) ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ജെ) കേരളീയർ ശുചിത്വമില്ലാത്തവരും അതിന്റെ ഫലമായി വയറിളക്കം ഉൾപ്പെടെയുള്ള രോഗങ്ങൾക്ക് അടിമപ്പെട്ടവരുമാണെന്ന വേൾഡ് ബാങ്ക് നിഗമനത്തിന്റെ അടിസ്ഥാനത്തിലാണോ ഈ പദ്ധതികൾ നടപ്പിലാക്കുന്നത് ;

(കെ) വേൾഡ് ബാങ്കിന്റെയും ഡച്ച് സർക്കാരിന്റെയും ഈ വായ്പാ സഹായ പദ്ധതികളുടെ കൺസൾട്ടന്റുമാർ ആരാണ് ;

(എൽ) ഇവരെ നിയമിച്ചതിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി വഴി തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ 4 ജില്ലകളിലെ ഏകദേശം 100 പഞ്ചായത്തുകളിൽ താൽപ്പര്യമുള്ള എല്ലാവർക്കും കുടിവെള്ളം എത്തിക്കാനും അവരുടെ ശുചിത്വ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുമുള്ള പദ്ധതി 5 ഘട്ടങ്ങളിലായി നടപ്പാക്കുന്നതാണ്. പദ്ധതിയുടെ ഒന്നാംഘട്ടം വിജയകരമായതിനെ തുടർന്ന് രണ്ടും മൂന്നും ഘട്ടങ്ങൾ ഇപ്പോൾ നടപ്പാക്കിവരികയാണ്. ഒന്നാംഘട്ടത്തിൽ 5 പഞ്ചായത്തുകളിലായി 112 ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പാക്കി കഴിഞ്ഞു. ഏകദേശം 844 കുടിവെള്ള പദ്ധതികൾ രണ്ടാംഘട്ടത്തിൽ 25 പഞ്ചായത്തുകളിൽ നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. കൂടാതെ 31 പഞ്ചായത്തുകളിൽ പദ്ധതികൾ നടപ്പാക്കാനുള്ള പ്രവർത്തനം ആസൂത്രണഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 451.4 കോടി രൂപയാണ് പദ്ധതിയുടെ ചെലവായി പ്രതീക്ഷിക്കുന്നത്.

(ഡി) 328.7 കോടി രൂപ.

(ഇ) ലോകബാങ്ക് കേന്ദ്ര സർക്കാരിനാണ് തുക നൽകുന്നത്. കേന്ദ്രസർക്കാരിൽ നിന്നും അധിക കേന്ദ്രസഹായമായി 70:30 എന്ന അനുപാതത്തിൽ ലോണായും ഗ്രാന്റായും സംസ്ഥാനത്തിന് ലഭിക്കുന്നു. ഇതുവരെ സംസ്ഥാനത്തിന് ലഭിച്ച തുക 18.08 കോടി രൂപയാണ്.

(എഫ്) ലോകബാങ്ക് പലിശ ഈടാക്കുന്നില്ല. എന്നാൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് ഈ ഇനത്തിൽ വരുന്ന ലോണിന് കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന പലിശ നൽകേണ്ടതുണ്ട്.

(ജി) പദ്ധതിക്കാവശ്യമായ തുക സംസ്ഥാന സർക്കാർ കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിക്ക് മുൻകൂറായി നൽകുകയും ചെലവഴിക്കപ്പെടുന്ന മുറയ്ക്ക് കണക്കുകൾ നൽകി കേന്ദ്ര സർക്കാർ മുഖാന്തിരം ലോകബാങ്കിൽ നിന്ന് എഴുതിവാങ്ങുകയും ചെയ്യും. സംസ്ഥാന സർക്കാർ ഇതുവരെ നൽകിയിട്ടുള്ളത് 53.5 കോടി രൂപയാണ്.

(എച്ച്) തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ 4 ജില്ലകളിലെ 100 പഞ്ചായത്തുകളിൽ താൽപ്പര്യമുള്ള എല്ലാവർക്കും ശുദ്ധജലം ലഭ്യമാക്കുന്നതിനും ശുചിത്വസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള ജലനിധി പദ്ധതി ലോകബാങ്ക് സഹായത്തോടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയുടെയും ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിന്റെയും മേൽനോട്ടത്തിൽ ഗുണഭോക്താക്കൾ തന്നെയാണ് ഒരു ബദൽ സംഘടനയുടെ സാങ്കേതിക സഹായത്തോടെ പദ്ധതികൾ ആവിഷ്ക്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നത്. പൂർത്തീകരിക്കപ്പെടുന്ന പദ്ധതികൾ പൂർണ്ണമായും ഗുണഭോക്താക്കളുടെ ഉടമസ്ഥതയിലായതിനാൽ ആവശ്യങ്ങൾക്കനുസരിച്ച് പദ്ധതിയുടെ പ്രയോജനം ക്രമപ്പെടുത്താൻ സാധിക്കും. ഇതുമൂലം സേവന ലഭ്യതയുടെ കാര്യത്തിൽ പരാതികൾ ഉണ്ടാവുകയില്ല. പദ്ധതിയുടെ മുഴുവൻ തുടർ നടത്തിപ്പ് ചെലവ് ഗുണഭോക്താക്കൾതന്നെയാണ് വഹിക്കുന്നത്. ശുദ്ധജലവിതരണ പദ്ധതികൾ അവയുടെ ജലലഭ്യത നിലനിർത്തുന്നതിന് ആവശ്യമായ ജലസംരക്ഷണ പ്രവർത്തനങ്ങൾ, കക്കൂസ് നിർമ്മാണം, പരിസരശുചീകരണ പരിപാടികൾ, വനിതാശാക്തീകരണ പ്രവർത്തനങ്ങൾ, പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ ഉതകുന്ന പദ്ധതികൾ തുടങ്ങിയവയാണ് ജലനിധി പദ്ധതിയുടെ ഘടകങ്ങൾ.

ഡച്ച് സർക്കാരിന്റെ സഹായത്തോടെയുള്ള ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്.

കൈകഴുകൽ പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല.

(ഐ) ഡച്ച് സർക്കാർ സഹായത്തോടെയുള്ള കുടിവെള്ള പദ്ധതിയോ, കൈകഴുകൽ പദ്ധതിയോ നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ജെ) ബാധകമല്ല.

(കെ) ജലനിധി പദ്ധതി കെ.ആർ.ഡബ്ലിയു.എസ്.എ.യുടെയും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെയും മേൽനോട്ടത്തിൽ ഒരു സംഘടനയുടെ സാങ്കേതിക സഹായത്തോടെ ഗുണഭോക്താക്കൾ നേരിട്ടാണ് നടപ്പാക്കുന്നത്. പദ്ധതി നടത്തിപ്പിനായി കൺസൾട്ടന്റുമാരെ നിയോഗിച്ചിട്ടില്ല. ഡച്ച് സർക്കാരിന്റെ സഹായത്തോടെയുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(എൽ) ബാധകമല്ല.

കേരളത്തിലെ ജലസേചന പദ്ധതികൾ

21 (1696) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ജലസേചന പദ്ധതികളിൽ എത്രയെണ്ണം പൂർത്തിയാക്കിയെന്നും എത്രയെണ്ണത്തിന്റെ നിർമ്മാണം തുടരുന്നുവെന്നും അവ ഏതെല്ലാമാണെന്നും ഇവയ്ക്ക് ഓരോന്നിനും നിശ്ചയിച്ച യഥാർത്ഥ അടങ്കൽ തുക എത്രയായിരുന്നു എന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച തുകയെത്ര ; ഓരോ പദ്ധതിയും ആരംഭിച്ചിട്ട് എത്രവർഷം വീതമായി ; ഓരോ പദ്ധതിയുടെയും പ്രവർത്തനം മുഖേന എത്ര ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താൻ കഴിഞ്ഞുവെന്നും വ്യക്തമാക്കാമോ ;

(സി) കേരളത്തിലെ നെൽപ്പാടങ്ങളുടെ വിസ്തൃതി 1980-ൽ എത്രയായിരുന്നുവെന്നും അപ്പോഴത്തെ ജലസേചിത ഭൂമിയുടെ വിസ്തൃതി എത്രയായിരുന്നുവെന്നും 2002-2003 കാലങ്ങളിലെ കണക്കുകൾ എത്രവീതമാണെന്നും വെളിപ്പെടുത്താമോ ;

(ഡി) കേരളത്തിലെ ജലസേചന പദ്ധതികൾക്ക് ചെലവഴിച്ച തുകയും ജല സേചന ഭൂമിയുടെ വിസ്തൃതിയും തൻമൂലം ഉണ്ടായ കാർഷിക ഉൽപ്പാദന വർദ്ധനവും കണക്കിലെടുക്കുമ്പോൾ പ്രസ്തുത പദ്ധതികളോരോന്നിന്റെയും പ്രയോജനക്ഷമത എത്രശതമാനം വീതമാണെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ വിഷയത്തിന്മേൽ സംസ്ഥാന ആസൂത്രണബോർഡ് നടത്തിയ പഠനവും ശുപാർശകളും സർക്കാർ പരിഗണിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതനുസരിച്ച് എന്ത് പരിപാടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(എഫ്) മൂവാറ്റുപുഴ പദ്ധതിപ്രകാരം ഏതെല്ലാം കാർഷികവിളകൾക്ക് പ്രയോ ജനം ലഭിക്കുമെന്നും അവയുടെ ഓരോന്നിന്റെയും വിസ്തൃതി എത്രയാണെന്നും അതുമൂലം പ്രതീക്ഷിക്കുന്ന ഉൽപ്പാദന വർദ്ധനവ് എത്ര ശതമാനമാണെന്നും അതിന്റെ സാമ്പത്തികമൂല്യം എത്രയാണെന്നും വ്യക്തമാക്കാമോ ;

(ജി) പ്രസ്തുത പദ്ധതിക്കുവേണ്ടി നടത്തുന്ന കനാൽ നിർമ്മാണത്തിന് നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്നും എത്ര മീറ്റർ നീളത്തിൽ കനാൽ നിർമ്മാണം പൂർത്തിയായിയെന്നും വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly